## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
**15 December 2017 (26 Rabi'ul Awwal 1439 A.H.)**

# "PATIENCE OF THE PROPHETS" പ്രവാചകന്മാരുടെ ക്ഷമ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **പ്രവാചകന്മാരുടെ ക്ഷമ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ചരിത്രത്തിന്റെ പ്രാരംഭകാലം മുതൽ, ദൈവത്തിന്റെ ഒരു നടപടി ക്രമമാണ് എല്ലാ നാടുകളിലും തന്റെ ദൂതന്മാരെ എഴുന്നേല്പിക്കുകയെന്നത്. എക്കാലവും അതങ്ങനെ തന്നെ തുടർന്നുപോരുന്നു. പ്രവാചകന്മാരുടെ ഒരു പരമ്പരതന്നെ അങ്ങനെ അയയ്ക്കപ്പെട്ടു. നബി തിരുമേനിയുടെ വരവ് ഈ പ്രവാചകന്മാരുടെയെല്ലാം ദൗത്യത്തെ മഹത്വവല്ക്കരിച്ചു. ഒരുപാട് ബുദ്ധിമുട്ടുകൾ സഹിച്ചും വളരെയധികം കഷ്ടനഷ്ടങ്ങൾ അനുഭവിച്ചും തന്നെയാണ് ഈ ദൂതന്മാർ തങ്ങളുടെ ദൗത്യം പൂർത്തിയാക്കുകയുണ്ടായത്. കഠിന ശത്രുക്കളേയും ക്രൂരകൊലപാതികളേയും, തടസ്സപ്പെടുത്തലുകളുടെ മുള്ളുവേലികളേയും തരണം ചെയ്താണ് ഈ പ്രവാചകന്മാർ തങ്ങളുടെ ഭൂമിയിലെ വാസകാലം കഴിഞ്ഞുപോയത്.

ഈ പ്രശ്നങ്ങളുടെയെല്ലാം നടുവിലും, അവർക്കെല്ലാം ഒരേ വികാരമായിരുന്നു. ഒരേ പ്രതികരണം ക്ഷമ, അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസം, ഈമാന്റെ പ്രകാശം, ഈ പ്രവാചകന്മാരെ കൂടാതെ, അവരിൽ ചിലരുടെ ഭാര്യമാർക്കും, ഒരുപാട് ദൗർഭാഗ്യങ്ങൾ അനുഭവിക്കേണ്ടി വന്നിരുന്നു. അവരും ഉലച്ചു കളയാനാവാത്ത ക്ഷമ കൈകൊണ്ടു.

ഇന്നു ഞാൻ ഹസ്രത്ത് യൂസുഫ് -ജോസഫ്- (അ) ന്റെ ദൗർഭാഗ്യങ്ങൾ നിറഞ്ഞ ജീവിതത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ കേൾപ്പിക്കാം. ഒരു കാലത്ത് സുന്ദരനായ ചെറുപ്പക്കാരനായിരുന്ന യൂസുഫിനെ സ്വന്തം സഹോദനരന്മാർ വഞ്ചിച്ചു. ഈജിപ്റ്റിലെ രാജാവിന്റെ പ്രധാനമന്ത്രിയുടെ ഭാര്യയും

അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചു. ജയിലിൽ അടക്കപ്പെട്ടപ്പോഴും അദ്ദേഹം ക്ഷമ കൈകൊണ്ടു. പ്രതീക്ഷ കൈവിട്ടില്ല. പ്രീയപ്പെട്ട പുത്രനു നേരിട്ട നിഷ്ഠൂര അനുഭവങ്ങളുടെ പാശ്ചാത്തലത്തിൽ, യൂസുഫിന്റെ പിതാവ് യഅ്ഖൂബ് - ജേക്കബ് - (അ) ഒരുപാട് പ്രയാസങ്ങൾ സഹിച്ചു. അദ്ദേഹവും ഏറെ ക്ഷമ കൈക്കൊണ്ടു. ഈമാനിൽ വിശ്വാസത്തിന്റെ വഴിയിൽ അടിയുറച്ചു നിന്നു. ദൈവീക വെളിപാടുകളിൽ ആശ്വാസം കണ്ടെത്തി. ഒടുവിൽ, ഈ ക്ഷമയും സഹനതയും ആ പിതാവിനേയും മകനേയും വിജയത്തിലേയ്ക്കും കുടുംബ പുനരേകികരണത്തിലേക്കും നയിച്ചു.

യൂസുഫിന്, ചെറുപ്പത്തിൽ തന്നെ, തന്റെ മാതാവിനെ നഷ്ടപ്പെട്ടിരുന്നു. പിന്നീട്, തീരെ ചെറുപ്പമായിരിക്കുമ്പോൾ തന്നെ, അദ്ദേഹത്തിന്റെ സഹോദര ന്മാർ അദ്ദേഹത്തിനെതിരിൽ സംഘടിച്ചു. സ്വന്തം പിതാവിലും മാതാവിലും നിന്നുമുള്ള അദ്ദേഹത്തിന്റെ സഹോദരനായ ബെൻയാമിൻ മാത്രമാണ് ഈ ഗൂഢാലോചനകളിൽ പങ്കെടുക്കാതെ മാറി നിന്നിരുന്നത്. അവരുടെ പിതാ വിൽ നിന്ന് അദ്ദേഹത്തെ അവർ തന്ത്ര പൂർവ്വം അടർത്തിയെടുത്തു. പൊട്ട കിണറ്റിൽ അവർ അദ്ദേഹത്തെ ഉപേക്ഷിച്ചു. അവ്യക്തമായൊരു ഭാവിയെ പ്രതീ ക്ഷിച്ച് ആ കിണറിന്റെ ആഴങ്ങളിൽ അദ്ദേഹത്തിന് നിമിഷങ്ങൾ ചെലവഴി ക്കേണ്ടി വന്നു. ആവഴി വന്ന ഒരു യാത്രാ സംഘം അദ്ദേഹത്തെ രക്ഷപ്പെ ടുത്തി ; പക്ഷെ അടിമയാക്കി ചില്ലിക്കാശിന്, അടിമചന്തയിൽ വിറ്റൊഴിച്ചു.

ഈജിപ്റ്റിന്റെ പ്രധാനമന്ത്രിയും കാര്യസ്ഥനും ആയിരുന്ന (അൽ-അ സീസ് എന്ന സ്ഥാന ഗരീമയുള്ളയാൾ) വ്യക്തിയുടെ വീട്ടിലാണ് അങ്ങനെ യൂസുഫ് എത്തിപ്പെട്ടത്. തന്റെ യജമാനന്റെ വീട്ടിൽ കഴിഞ്ഞിരുന്ന സമയ ത്ത, അദ്ദേഹം ചില വള്ളിക്കെട്ടുകളിൽ പെട്ട് ബുദ്ധിമുട്ടനുഭവിച്ചു. സുകൃത വാനും, സുന്ദരനും സുശീലനും ആയ യൂസുഫ് -ൽ അവിടുത്തെ സ്ത്രീകൾ അനുരക്തരായി. പ്രധാനമന്ത്രിയുടെ ഭാര്യ സുലേഖയും അദ്ദേഹത്തെ വരി യ്ക്കാൻ ആഗ്രഹിച്ചു. സഹശയനത്തിന് അവർ ശ്രമിച്ചപ്പോൾ യൂസുഫ് ഒഴി ഞ്ഞുമാറി. തന്റെ നാഥനിൽ അഭയം തേടി. അവരുടെ ഭർത്താവിനെ വഞ്ചി ക്കുകയില്ലെന്ന്, യൂസുഫ് അവരോട് പറഞ്ഞു. അദ്ദേഹം എന്നോട് നല്ല നില യിൽ പെരുമാറുകയും എന്നെ ബഹുമാനിക്കുകയും ചെയ്തു വെന്ന് യൂസുഫ് വെളിപ്പെടുത്തി.

തന്റെ ആവശ്യം പൂർത്തീകരിക്കാത്ത യൂസുഫിനെ തുറങ്കിലടയ്ക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി. സത്യം എന്തായാലും പുറത്തുവരുമായിരുന്നു. ഹസ്രത്ത് യൂസുഫ് (അ) ന്റെ നിഷ്ക്കളങ്കതയ്ക്ക് തെളിവുകൾ അനുകൂലമായിരുന്നെങ്കിലും അദ്ദേഹത്തെ ജയിലിലടയ്ക്കാൻ പ്രധാനമന്ത്രിയും ഭരണവിഭാഗവും തീരുമാനിച്ചു. അപമാനകരമായ വാർത്ത പടരാതിരിയ്ക്കാനും സുലേഖയും ഹസ്രത്ത് യൂസുഫ് (അ) ഉം തമ്മിലുള്ള ബന്ധം തുടരാതിരിയ്ക്കാനും ഈ കേസിന് ആസ്പദമായ സംഗതികൾ ജനം മറക്കുന്നതിനും ഈ തീരുമാനം ആവശ്യമായി കരുതപ്പെട്ടു. അദ്ദേഹം പല വർഷങ്ങൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഏഴുവർഷങ്ങൾ-ജയിലിൽ കഴിച്ചു കൂട്ടി. മറ്റു രണ്ടു പേർക്കൊപ്പം ക്ഷമ കൈക്കൊണ്ടും അല്ലാഹു (ത) വിൽ തന്റെ വിശ്വാസമർപ്പിച്ചും അദ്ദേഹം നിലകൊണ്ടു.

ജയിലിലെ തന്റെ സന്തത സഹചാരികളോട് അദ്ദേഹം തന്റെ സ്നേഹം നല്കി. പല നല്ല കാര്യങ്ങളും ജീവിതത്തെക്കുറിച്ച് അവരോട് അദ്ദേഹം പഠിപ്പിച്ചു. 12-ാം അദ്ധ്യായം (യൂസുഫ്) 40-41 വചനങ്ങൾ, അദ്ദേഹത്തിന്റെ ജീവിതത്തിലെ ഈ അദ്ധ്യായത്തെ സൂചിപ്പിക്കുന്നു.

ജയിലിലെ എന്റെ രണ്ട് കൂട്ടുകാരെ, വ്യത്യസ്തങ്ങളായ ദൈവങ്ങളോ, (പ്രപഞ്ചത്തെ) അടക്കി വാഴുന്ന ഏകനായ അല്ലാഹുവോ നല്ലത് ? അല്ലാഹുവിനെ കൂടാതെ നിങ്ങൾ ആരാധിക്കുന്നത് നിങ്ങളും നിങ്ങളുടെ പിതാക്കളും നല്കിയ ചില പേരുകളെ മാത്രമാണ്. അവയെ ആരാധിക്കാൻ അല്ലാഹു ഒരു പ്രമാണവും ഇറക്കിയിട്ടില്ല. വിധിക്കാൻ അല്ലാഹുവിന് മാത്രമേ അധികാരമുള്ളു. തന്നെയല്ലാതെ മറ്റാരെയും നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. അതാണ് വളച്ചുകെട്ടില്ലാത്ത മതം. പക്ഷെ മിക്കയാളുകളും വസ്തുത മനസ്സിലാക്കുന്നില്ല.

യൂസുഫിന്റെ സഹോദരന്മാർ, കള്ളക്കഥ (യൂസുഫിനെ ഒരു ചെന്നായ് കൊണ്ടുപോയെന്ന നുണ) യുമായി പിതാവിന്റെ അടുക്കൽ ചെന്നപ്പോൾ, അത് വിശ്വസിയ്ക്കാൻ അദ്ദേഹം തയ്യാറായില്ല. ദൈവത്തിൽ അർപ്പിച്ച്, സഹനതയോടെ അദ്ദേഹം കഴിഞ്ഞു. തന്റെ പ്രീയപുത്രന്റെ ഭാവി അല്ലാഹുവിന്റെ കയ്യിലാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അവൻ ജീവിച്ചിരുപ്പുണ്ടെന്നും. അദ്ദേഹം ഉറച്ച് വിശ്വസിച്ചു. എന്നിരുന്നാലും, പക്ഷെ അദ്ദേഹ

ത്തിന് തന്റെ സങ്കടം മറച്ചുവെയ്ക്കാൻ കഴിഞ്ഞില്ല എല്ലായ്പ്പൊഴും. ഒരു പിതാവിന്റെ ദുഃഖം ! ആ കണ്ണുനീരുകൾ എത്രത്തോളം ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് അദ്ദേഹം ദുഃഖം കൊണ്ട് അന്ധനായിത്തീർന്നത്.

മകൻ പോയി പല വർഷങ്ങൾ കടന്നു പോയെങ്കിലും, ആ പിതാവ്, മകനെ മറന്നില്ല. സഹനതയും, ദൈവവിശ്വാസവും വെളിപാടുകളും അദ്ദേഹത്തിന് ആശ്വാസം നല്കി. അങ്ങനെ ഒരുനാൾ, ഈജിപിറ്റിലേക്ക് പോയി അവരുടെ സഹോദരനെപറ്റി അന്വേഷിക്കാൻ, അദ്ദേഹം തന്റെ മക്കളോട് പറഞ്ഞു.

ക്ഷാമവും ദാരിദ്രവും മൂലം വലഞ്ഞ അവസ്ഥയിൽ, വളരെ പ്രയാസപ്പെട്ടാണ് അവർ ആ നീണ്ട യാത്രയ്ക്കു ഒരുങ്ങിയത്. തങ്ങളുടെ സഹോദരനുമായുള്ള ആദ്യസംഗമത്തിൽ, അവർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ ക്ഷീണിതരായി. വിശപ്പും ദാഹവും നിമിത്തം അവരുടെ അവസ്ഥ വളരെ ദയനീയമായിത്തീർന്നു. അവരുടെ നില യൂസുഫ് (അ) അവരെ തിരിച്ചറിഞ്ഞു. പിന്നീട് അദ്ദേഹം സ്വയം പരിചയപ്പെടുത്തി. സംഭവ നാൾ വഴികൾ അവരുമായി പങ്കുവച്ചു. തങ്ങളുടെ സഹോദരന്റെ നിലയും, വിലയും, സ്ഥാനഗരിമയും, ഹൃദയവിശാലതയും, തൊട്ടറിഞ്ഞ സഹോദരങ്ങൾ അത്ഭുതപരതന്ത്രരായി. അദ്ദേഹത്തിന്റെ അപാരമായ ക്ഷമയും സഹനതയും അവരെ ഞെട്ടിച്ചു. വിശുദ്ധഖുർആൻ, 12-ാം അദ്ധ്യായം, 91-ാം വചനം യൂസുഫിന്റെ സഹനതയെ സൂചിപ്പിക്കുന്നു.

അവർ ചോദിച്ചു സത്യമായും താങ്കൾതന്നെയാണോ യൂസുഫ്? അദ്ദേഹം പറഞ്ഞു ഞാനാണ് യൂസുഫ്. ഇത് എന്റെ സഹോദരനുമാണ്. അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹം നൽകുക തന്നെ ചെയ്തു. ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെടുകയും ക്ഷമിക്കുകയും ചെയ്താൽ അത്തരം സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം അല്ലാഹു പാഴാക്കി കളയുകയില്ല.

കുറ്റവാളികളായ സഹോദരന്മാർ ഭയപ്പെട്ടു. അവർ ഉപേക്ഷിച്ചു പോയ, നാണംകുണുങ്ങിയായ, ചെറുബാല്യക്കാരനല്ല ഇപ്പോൾ തങ്ങളുടെ മുമ്പാകെ നില്ക്കുന്നത്. ആ ബാലൻ ഇന്നിതാ ഈജിപിറ്റിന്റെ പ്രധാനമന്ത്രിയും, സാമ്പത്തിക കാര്യസ്ഥനും ആയിത്തീർന്നിരിയ്ക്കുന്നു. നേരിട്ട പരിക്ഷണങ്ങളിലൂടെയും അനുഭവ തീക്ഷ്ണതയിലൂടെയും, യൂസുഫ്, തന്റെ പിതാവിനെപ്പോലെ, സഹനതയും ക്ഷമയും അല്ലാഹുവിന്റെ കാരുണ്യത്തിലുള്ള അചഞ്ചലവിശ്വാസവും

കൊണ്ടും ആശ്വാസം തേടി. യഥാർത്ഥ സഹനതയുടെ മൂല്യമെന്തെന്ന് അദ്ദേഹം തിരച്ചറിഞ്ഞു. ക്ഷമയാകട്ടെ, ദൈവീക ഭക്തിയുമായും കാരുണ്യമായും അടുത്തു നില്ക്കുന്ന ഗുണങ്ങളാണ്. അദ്ദേഹം തന്റെ സഹോദരന്മാരോട് ക്ഷമിച്ചു. 12-ാം അദ്ധ്യായം, 93 -ാം വചനം.

അദ്ദേഹം (യൂസുഫ്) പറഞ്ഞു. ഇന്ന് നിങ്ങളുടെ പേരിൽ (എനിക്ക്) യാതൊരു ആക്ഷേപവും ഇല്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരട്ടെ, കാരുണ്യവന്മാരിൽ വെച്ച് ഏറ്റവും കാരുണ്യവാനാകുന്നു അവൻ.

കുടുംബത്തെ ഒരു മിച്ചു കൂട്ടാൻ വേണ്ട ഏർപ്പാടുകൾ യൂസുഫ് പെട്ടെന്ന് തന്നെ ചെയ്തു. പിതാവിന്റെ അടുക്കൽ തിരിച്ചെത്തി വാർത്ത അറിയിക്കാൻ, യൂസുഫ് സഹോദരന്മാരോട് പറഞ്ഞു. തന്റെ ഒരു ഷർട്ട്, ഹസ്രത്ത് യാഖൂബ് (അ) ന് കൈമാറാൻ ഏല്പിച്ചു. ദുഃഖം നിമിത്തം അന്ധനായ്ത്തീർന്ന പിതാവിന് അങ്ങനെ സമ്പൂർണ്ണാശ്വാസം ലഭിച്ചു. മുഴുവൻ കുടുംബവും ഈജിപ്റ്റിൽ തിരിച്ചെത്തി. ഒരിയക്ക്ൽ നഷ്ടപ്പെട്ടു. വീണ്ടു കിട്ടിയ മകന്റെയടുക്കൽ വന്നു. അവർ എത്തിച്ചേർന്നപ്പോൾ, അവരെല്ലാം അത്ഭുതപ്പെട്ടു. രാജ്യത്തിന്റെ പ്രധാനമന്ത്രിയും സാമ്പത്തിക കാര്യസ്ഥനുമാണ് യൂസുഫ് എന്നവർ തിരിച്ചറിഞ്ഞപ്പോൾ അവർ ഞെട്ടി. ചെറിയ കുട്ടിയായിരുന്നപ്പോൾ, യൂസുഫ് കണ്ട ഒരു സ്വപ്നത്തിന്റെ വ്യാഖ്യാനത്തോടെയാണ് ഖുർആൻ യൂസുഫിന്റെ കഥ പര്യവസാനിപ്പിക്കുന്നത്. 12-ാം അദ്ധ്യായം, 5 -ാം വചനത്തിൽ, ആസ്വപ്നം ഇങ്ങനെ എന്റെ പിതാവേ, പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും ഞാൻ കണ്ടു. അവ എനിക്ക് സുജൂദ് (സാഷ്ടാംഗം) ചെയ്യുന്നതായാണ് ഞാൻ (സ്വപ്നം) കണ്ടത്?

ആ പതിനൊന്ന് നക്ഷത്രങ്ങൾ അദ്ദേഹത്തിന്റെ സഹോദരന്മാർ ആയിരുന്നു. സൂര്യൻ അദ്ദേഹത്തിന്റെ പിതാവിനെ സൂചിപ്പിക്കുന്നു. ചന്ദ്രൻ അദ്ദേഹത്തിന്റെ പിതാവിന്റെ ഭാര്യ (രണ്ടാനമ്മ) യെ സൂചിപ്പിക്കുന്നു. മാശാ അല്ലാഹ് ! യൂസുഫ് (അ) എല്ലാവരേയും ഊഷ്മളമായി സ്വീകരിച്ചു. സൃഷ്ടാവിന്റെ കാരുണ്യത്തിലുള്ള അചഞ്ചല വിശ്വാസവും ക്ഷമയും സഹനവുമാണ് കുടുംബത്തെ യോജിപ്പിച്ച് തിരിച്ചു കൊണ്ടുവരാൻ തന്നെ സഹായച്ചതെന്ന് യൂസുഫ് (അ) ഓർമ്മിച്ചു. പൊറുക്കലിലും വിശ്വാസത്തിലും സമാധാനത്തിലും കഴിയാൻ കുടുംബത്തിന് സാധിച്ചു. എല്ലാ പരീക്ഷണങ്ങൾക്കും ഒടുവിൽ.

ഹസ്രത്ത് യൂസുഫ് (അ) ന്റെ ജീവിത നമ്മെ പഠിപ്പിക്കുന്നു. പ്രശ്നങ്ങളും സങ്കടവും വരുന്ന കാര്യങ്ങളെ അഭിമുഖീകരിക്കാനുള്ള മാർഗ്ഗം ഭംഗിയായ ക്ഷമ യാണ്. യൂസുഫ് തന്റെ ഓരോ പരിക്ഷണത്തേയും സഹനതകൊണ്ടാണ് നേരി ട്ടത്. ദൈവത്തിൽ വിശ്വാസം അർപ്പിച്ച് അദ്ദേഹം നിലകൊണ്ടു. മകനെ നഷ്ടപ്പെട്ട് മനം നൊന്ത യൂസുഫിന്റെ പിതാവ്, ക്ഷമ കൈകൊള്ളുകയും ദൈവത്തിൽ സമർപ്പിതനായും തന്റെ പരീക്ഷണങ്ങള നേരിട്ടു.

യൂസുഫ് (അ) ന്റെ ജീവിതം വ്യക്തമാക്കുന്ന ഈ അദ്ധ്യായം മുഹമ്മദ് നബി (സ) യ്ക്ക് വെളിപാടായി ഇറങ്ങിയ അവസരം ശ്രദ്ധേയമാണ്. അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. തന്റെ പ്രീയ ഭാര്യ ഖദീജ (റ) യെ, അദ്ദേഹത്തിന് നഷ്ടമായി. അതുപോലെ തന്നെ, നബിയ്ക്ക് തന്റെ പ്രീയപ്പെട്ട അമ്മാവൻ അബൂ താലിബിനേയും നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതത്തിലെ കഠിന പരീക്ഷ ണങ്ങളുടെ നാളുകളിൽ സഹയാത്രികരായി കൂടെയുണ്ടായിരുന്ന രണ്ടു പേരെ യാണ് അദ്ദേഹത്തിന് നഷ്ടമായത്. ഈ സാഹചര്യത്തിലാണ് ഖുർ ആനിലെ ഈ അദ്ധ്യായം അവതരിച്ചത്.

ഹസ്രത്ത് യൂസുഫ് (അ) ന്റെ ജീവിതം, മുസ്ലിംകൾക്ക് വലിയൊരു പാഠ മാണ്. സ്വർഗ്ഗത്തിന്റെ താക്കോലുകളിൽ ഒന്നാണ് ക്ഷമയും സഹനതയും. സഹ നത വളരെ ബുദ്ധിമുട്ടേറിയതാണെങ്കിലും അതിന്റെ അനന്തരഫലം വളരെ മനോ ഹരമാണ്.

അല്ലാഹു (ത) നമുക്കെല്ലാവർക്കും ക്ഷമ ഒരു സമ്മാനമായ് നല്കട്ടെ. അ വന്റെ അനുഗ്രഹങ്ങൾ കൊണ്ട് അവൻ നമ്മെ നിറയ്ക്കട്ടെ. ജീവിതത്തിന്റെ വിഹ്വ ലതകളെ നേരിടാൻ അല്ലാഹുവിന്റെ സഹായം നമുക്ക് ആവശ്യമുണ്ട്. സന്താപ അവസരങ്ങളിലും സന്തോഷ വേളകളിലും നമ്മൾ എപ്പോഴും ദൈവത്തെ സ്മരി ക്കുക. അവന്റെ അനുഗ്രഹങ്ങൾക്കെല്ലാം നാം അവനോട് നന്ദിയുള്ളവരായിരി ക്കുക, ഇൻശാ അല്ലാഹ് ! ആമീൻ

**Translated By: Fazil Jamal**
**Issued by: R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**
**Blog: www.sahih-al-islam.blogspot.in**